# ജുമുഅയുടെ പ്രാധാന്യം

ഖുത്ബ
12.10.2007
ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلٰوةِ
مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللّٰهِ
وَذَرُوا الْبَيْعَ ۚ ذٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ
تَعْلَمُونَ
فَإِذَا قُضِيَتِ الصَّلٰوةُ فَانتَشِرُوا فِي
الْأَرْضِ وَابْتَغُوا مِن فَضْلِ اللّٰهِ
وَاذْكُرُوا اللّٰهَ كَثِيرًا لَّعَلَّكُمْ
تُفْلِحُونَ
وَإِذَا رَأَوْا تِجَارَةً أَوْ لَهْوًا انفَضُّوا إِلَيْهَا
وَتَرَكُوكَ قَائِمًا ۚ قُلْ مَا عِندَ اللّٰهِ خَيْرٌ
مِّنَ اللَّهْوِ وَمِنَ التِّجَارَةِ ۚ وَاللّٰهُ خَيْرُ
الرّٰزِقِينَ

ഇന്ന് റമദാന്റെ അവസാനത്തെ ദിനത്തിലൂടെ നാം കടന്നുപോകുകയാണ്. നമ്മുടെ പാപങ്ങൾ പൊറുപ്പിക്കുന്നതിനും നന്മകൾ നല്ലവണ്ണം നിറവേറ്റുന്നതിനും അത് തുടർന്നുകൊണ്ടുപോകുന്നതിനും അങ്ങനെ പ്രതിഫലം പറ്റുന്നതിനുമായി തന്റെ കാരുണ്യത്താൽ അല്ലാഹു നമുക്ക് കനിഞ്ഞുനല്കിയതാണ് ഈ മാസം. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും ഈ മാസത്തിൽ നേടിയെടുക്കുന്നവർ ഭാഗ്യവാന്മാരാണ്.

ഇന്ന് ജുമുഅ ദിവസമാണ്. ഇതിന് അതിന്റേതായ ഒരു പ്രാധാന്യമുണ്ട്. ഇത് റമദാനിൽ വരുന്ന അവസാനത്തെ ജുമുഅ ആയതുകൊണ്ട് പ്രത്യേകതയൊന്നുമില്ല. ജുമുഅയെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ കല്പിച്ചിട്ടുള്ളതാണ്. ഹദീസുകളിലും വിവിധ രീതിയിൽ ഇതിന്റെ വിശദീകരണം കാണാം. ഭൂരിഭാഗം മുസ്‌ലിംകളും അഹ്മദികളിൽ ചിലരെങ്കിലും മനസ്സിലാക്കുന്നത് റമദാനിലെ ഈ അവസാനത്തെ ജുമുആയ്ക്ക് അസാധാരണമായ എന്തോ പ്രത്യേകതയുണ്ടെന്നാണ്. ഈ രീതിയിലുള്ള പ്രചാരണങ്ങളാണ് എങ്ങും നടന്നുവരുന്നത്. ഇത്തരം ചിന്താഗതികളുള്ളവർ ഇതിനെ ജുമുഅത്തുൽവിദാ എന്നു പറയുന്നു. മുസ്‌ലിം രാഷ്ട്രങ്ങളിലും മറ്റും ജനങ്ങൾ ഇന്നേദിവസം പള്ളികളിൽ തടിച്ചുകൂടാറുണ്ട്. മാധ്യമങ്ങളിലൂടെ ഈ അവസാനത്തെ ജുമുഅയെക്കുറിച്ച് തെറ്റായ വിവരണങ്ങളാണ് നല്കപ്പെടുന്നത്. ചില പത്രങ്ങൾ സ്പെഷ്യൽ എഡിഷനും പ്രസിദ്ധീകരിക്കാറുണ്ട്. വർഷം മുഴുവൻ നമസ്കരിച്ചിട്ടില്ലെങ്കിലും, ജുമുഅ നമസ്കരിച്ചിട്ടില്ലെങ്കിലും ജുമുഅത്തുൽവിദാ ദിവസം ചെന്ന് നമസ്കരിച്ചാൽ എല്ലാ പാപങ്ങളും പൊറുക്കപ്പെടുമെന്ന തെറ്റായ ധാരണകളാണ് പരത്തിയിട്ടുള്ളത്. ഈ തെറ്റായ ധാരണകൾ 'ഖളായെ ഉമരി'യുടെ ചിന്താഗതിയും ഉണ്ടാക്കിയിരിക്കുകയാണ്. അതായത്, കഴിഞ്ഞ കാലങ്ങളിൽ നമസ്കരിക്കാത്ത നമസ്കാരത്തിനൊക്കെ ഈയൊരൊറ്റ നമസ്കാരം പകരമാകുമത്രെ! ഇത് അങ്ങേയറ്റം തെറ്റായ ചിന്താഗതിയാണ്. ഈ അനാചാരങ്ങളിൽനിന്നൊക്കെ രക്ഷപ്പെട്ടുനില്ക്കുന്നു എന്നത് അഹ്മദികളായ നമ്മുടെമേലുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്. അല്ലാഹുവും അവന്റെ റസൂൽ (സ)ലും നന്മകളിൽ നിലനില്ക്കാനും, അത് പതിവായി തുടർന്നുകൊണ്ടുപോകാനും, നമ്മെ ഉപദേശിക്കുകയും നമ്മോട് കല്പിക്കുകയും ചെയ്തിരിക്കുന്നു. ഈ പരമ്പര കണ്ണി മുറിയാതെ നിലനിന്നാൽ നമ്മുടെ തെറ്റുകളേയും വീഴ്ചകളേയും അല്ലാഹു അവഗണിച്ചുകളയുന്നതാണ്. അങ്ങനെ പാപങ്ങൾ പൊറുത്തുകൊണ്ടേയിരിക്കും. ഇതുസംബന്ധമായി ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "മനുഷ്യൻ വൻപാപങ്ങളിൽനിന്ന് അകന്നുനിന്നാൽ, അഞ്ചുനേരങ്ങളിലെ നമസ്കാരങ്ങളും ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയും ഒരു റമദാൻ മുതൽ അടുത്ത റമദാൻ വരേയുമുള്ള പാപങ്ങളെ പൊറുപ്പിക്കുന്നതാകുന്നു."

അറിഞ്ഞുകൊണ്ട് പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്താലും, ജുമുഅത്തുൽ വിദാ ദിവസം എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുതരുമെന്ന വിചാരം ഉപേക്ഷിക്കേണ്ടതാണ്. അല്ലെങ്കിൽ ജുമുഅത്തുൽ വിദാ, പാപം പൊറുക്കാനുള്ള മാർഗ്ഗമായിത്തീരും എന്ന ചിന്താഗതി മറന്നുകളയുക. ചിലർ മനസ്സിലാക്കുന്നത്, ഒരു ഹജ്ജ് ചെയ്താൽ എല്ലാ പാപവും മാപ്പായെന്നും വീണ്ടും ഫിത്നയും ഫസാദും ഉണ്ടാക്കാനുള്ള അവസരം കിട്ടിയെന്നുമാണ്. വൻപാപങ്ങൾക്ക് ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. അവയിൽനിന്ന് രക്ഷപ്പെടാനാണല്ലോ പറഞ്ഞിരിക്കുന്നത്? മറ്റുള്ളവരുടെ ധന

ത്തിൽ അനുവദനീയമല്ലാത്ത രീതിയിൽ കൈകടത്തൽ പാപമാണ്. യതീംകളുടെ മുതൽ തിന്നൽ വൻപാപങ്ങളിൽപ്പെട്ടതാണ്. ഒന്നും സ്വയം ചെയ്യാതെ മറ്റുള്ളവരോട് അതു ചെയ്യാൻ കല്പിക്കുന്നതും തെറ്റാണ്. രണ്ട് സംഘങ്ങളെ തമ്മിലടിപ്പിക്കുക എന്നതും വൻ ദോഷങ്ങളിൽപ്പെട്ടതാണ്. രണ്ടുപേർ തമ്മിലുള്ള ബന്ധം വഷളാക്കി ഫിത്നയുണ്ടാക്കുക എന്നതും പാപമാണ്. ഫിത്ന കൊലയേക്കാൾ വലിയ കുറ്റമാണെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിനെ ഭയക്കുന്ന ഒരു സത്യവിശ്വാസി, മോഷ്ടിക്കില്ല, വ്യഭിചരിക്കില്ല, കൊള്ളയടിക്കില്ല, ആരേയും കൊല്ലുകയുമില്ല. ഇതൊക്കെയാണ് വലിയ പാപങ്ങൾ. അതിൽനിന്നെല്ലാം രക്ഷപ്പെടേണ്ടതാണ്. വഞ്ചനയിലൂടെ ആരുടെയെങ്കിലും മുതൽ തിന്നുക- അത് ആരുടേതാണെങ്കിലും ശരി, സർക്കാറിന്റേതാണെങ്കിലും വേണ്ടില്ല പാപമാണ്. സുഹൃത്ബന്ധങ്ങൾ തകർക്കുക തുടങ്ങിയവയെല്ലാം വൻപാപങ്ങളാണ്. അതുകൊണ്ട് മനുഷ്യൻ ഒരു ശ്രമത്തോടുകൂടി ഈ തിന്മകളിൽനിന്ന് രക്ഷപ്പെടുമ്പോൾ, തെറ്റ് സംഭവിച്ച് എന്തെങ്കിലും ചെയ്താൽതന്നെ ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ, പറഞ്ഞു, നല്ലവണ്ണം നമസ്കരിച്ച അഞ്ചു നമസ്കാരങ്ങളും, ഒരു ജുമുഅ അടുത്ത ജുമുഅ വരെയും ഒരു റമദാൻ അടുത്ത റമദാൻ വരെയുമുള്ളതിനിടയിൽ നിങ്ങളിൽ നിന്നുണ്ടാകുന്ന ചെറുതും വലുതുമായ തെറ്റുകൾ– മനുഷ്യൻ ബലഹീനനാണ് അങ്ങനെ സംഭവിക്കാം, അത്തരം കാര്യങ്ങൾ മനഃപൂർവ്വം ആർക്കെങ്കിലും നഷ്ടമുണ്ടാക്കാൻ ചെയ്തതല്ലെങ്കിൽ- അത് അല്ലാഹു മാപ്പാക്കിത്തരുന്നതാണ്. നന്മകൾ സ്വായത്തമാക്കാനും തിന്മകളിൽനിന്ന് അകലാനും വേണ്ടി ചെയ്യുന്ന ഈ നമസ്കാരങ്ങളും ഈ ജുമുആയും ഈ റമദാനും, ചെറുതും വലുതുമായ തെറ്റുകൾക്ക് പ്രായശ്ചിത്തമാകും. നബി(സ), ജുമുഅത്തുൽ വിദാഅ്, പൊറുക്കലിന്റെ അവസരമൊരുക്കുമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. മറിച്ച്, ആദ്യം സൽക്കർമ്മങ്ങൾ ചെയ്യാനുള്ള ശ്രമവും, അല്ലാഹുവിനോടുള്ള പൊറുക്കലിനെ തേടലും, നിശ്ചിതമായ ആരാധനാകർമ്മങ്ങളും നിറവേറ്റേണ്ടതാണ്. ഇതൊക്കെയാണ് ചെറിയ ചെറിയ തെറ്റുകൾക്ക് പ്രായശ്ചിത്തമായിത്തീരുന്നത്. ഞാനോതിയ വചനങ്ങളിലും അല്ലാഹു കല്പിച്ചിരിക്കുന്നത് ഇതുതന്നെയാണ്: “വിശ്വസിച്ചവരേ! ജുമുഅ ദിവസം ഒരുനേരത്ത് ജുമുആക്കായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കാനായി ധിറുതിയിൽ നിങ്ങൾ പോകുക. കച്ചവടം ഉപേക്ഷിക്കുക. ഇത് നിങ്ങൾക്ക് ഗുണകരമാണ്; നിങ്ങൾ അറിയുന്നെങ്കിൽ. നമസ്കാരം അനുഷ്ഠിച്ചുകഴിഞ്ഞാൽ, ഭൂമിയിൽ വ്യാപിച്ചുകൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് കുറച്ചന്വേഷിക്കുക. അല്ലാഹുവിനെ അധികമധികമായി സ്മരിക്കുക; നിങ്ങൾ വിജയികളാകുന്നതിനുവേണ്ടി. അവർ എന്തെങ്കിലും കച്ചവടമോ കളിതമാശയോ കാണുമ്പോൾ, അതിലേക്ക് ഓടിപ്പോകുന്നതാണ്. നിന്നെ തനിച്ച് വിട്ടേക്കുകയും ചെയ്യും. നീ പറയുക, എന്തൊന്നാണോ അല്ലാഹുവിന്റെ പക്കലുള്ളത് അത് കളിതമാശകളേക്കാളും കച്ചവടത്തേക്കാളും മഹത്തരമാണ്. അല്ലാഹു ഉപജീവനം നല്കുന്നവരിൽ ഏറ്റവും ഉത്തമനാണ്.

ഇവിടെ അല്ലാഹു കാര്യം വ്യക്തമായി പറഞ്ഞിരിക്കുന്നു. ജമുഅ ദിവസം നിങ്ങളെ നമസ്കാരത്തിനായി വിളിച്ചാൽ, ***ഫസ്അൗ ഇലാ ദിക്‌രില്ലാഹ്*** അല്ലാഹുവിനെ സ്മരിക്കുന്നതിനായി ധിറുതി കാണിച്ചുകൊണ്ട് ഓടിപ്പോകുക. നിങ്ങൾക്ക് ഏറ്റവും മുന്തിയത് ജുമുഅ ആയിരിക്കണം. കാരണം ഇതുതന്നെയാണ് ആരാധന. ഇതുമുഖേന നിങ്ങളുടെ പാപം പരിഹരിക്കപ്പെടുന്നതാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു:

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി കരീം(സ) വെള്ളിയാഴ്ച ദിവസത്തെ സംബന്ധിച്ച് പ്രശംസിച്ചുപറയുകയുണ്ടായി: ആ കൂട്ടത്തിൽ നബി(സ) പറഞ്ഞു: “ആ ദിവസത്തിൽ ഒരു സമയമുണ്ട്. അതിൽ ഒരു മുസ്ലിം അല്ലാഹുവിനോട് നമസ്കരിച്ചുകൊണ്ട് എന്തു നന്മ തേടിയാലും അല്ലാഹു അവനത് നല്കുന്നതാണ്. അത് വളരെ കുറഞ്ഞ സമയമാണെന്ന് നബി(സ) കൈകൊണ്ട് ആംഗ്യം കാണിച്ചു.”

ജുമുഅ നമസ്കാരമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്ന് നാം കണ്ടുകഴിഞ്ഞു. ഖുത്ബയും നമസ്കാരത്തിന്റെ ഭാഗമാണ്. ഇതാണ് ജുമുഅയ്ക്കുള്ള സ്ഥാനം. അതിൽ ദുആ സ്വീകരിക്കപ്പെടുന്ന ഒരു സമയമുണ്ട്. ആ സമയത്ത് എന്തു നന്മ അല്ലാഹുവിനോട് ചോദിച്ചാലും അല്ലാഹു നല്കുന്നതായിരിക്കും. അതുകൊണ്ട്, നിങ്ങളുടെ കച്ചവടമാണ് നിങ്ങൾക്ക് ഫലം നല്കുന്നതെന്ന് കരുതാതിരിക്കുക. കച്ചവടത്തിനുവേണ്ടി ജുമുഅ നമസ്കാരം ഉപേക്ഷിച്ചാൽ നിങ്ങൾക്ക് തീർച്ചയായും നിങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് അതിൽനിന്ന് ഫലം കിട്ടുമെന്ന് എന്താണുറപ്പ്? പക്ഷേ, ഈ ദിവസം ഈ നേരങ്ങളിൽ നിങ്ങൾ അല്ലാഹുവിനോട് നന്മയും ക്ഷേമവും ചോദിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് തീർച്ചയായും കിട്ടുമെന്ന് അല്ലാഹുവിന്റെ റസൂൽ(സ) നിങ്ങളെയറിയിക്കുന്നു. വൻപാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള നിബന്ധനകൾ പാലിക്കണമെന്നു മാത്രം. ഇവിടേയും അല്ലാഹു ഒരു മുസൽമാനെ, ഒരു മുഅ്മിനെ ജുമുഅ നമസ്കാരത്തിന്നായി വിളിച്ചാൽ, അയാൾ കച്ചവടങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ധിറുതി കാണിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അതാണ് നിങ്ങൾക്കുത്തമം. റമദാനിലെ അവസാനത്തെ ജുമുഅ ദിവസം കച്ചവടങ്ങൾ ഉപേക്ഷിക്കുകയെന്നും അതിൽ പ്രത്യേകമായ നിലയിൽ ദുആ സ്വീകരിക്കപ്പെടുമെന്നും ഒരിടത്തും പറഞ്ഞിട്ടില്ല. മറ്റു ജുമുആകൾ കച്ചവടത്തിനുവേണ്ടി ഉപേക്ഷിച്ചാലും ഒന്നും സംഭവിക്കുകയില്ലെന്നും പറഞ്ഞിട്ടില്ല. നബി(സ) തിരുമേനി ജുമുഅയുടെ പ്രാധാന്യം എന്നല്ല അതിന്റെ നിർബ

ഡാവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ഓരോ മുസൽമാനും ജമാഅത്തോടുകൂടി നമസ്കാരം അനുഷ്ഠിക്കേണ്ടത് നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു; അടിമകളും കുട്ടികളും സ്ത്രീകളും രോഗികളും ഒഴികെ. ഇവരെല്ലാം കഴിവില്ലാത്തവരാണ്. നിർബന്ധിതരാണ്. അല്ലാഹു അക്രമിയല്ല. അനുവദനീയമായ കാരണങ്ങൾ ഉണ്ടെങ്കിൽ, അവിടെ ഇളവും നല്കിയിട്ടുണ്ട്. പക്ഷേ, ഭൗതികതയെ അല്ലാഹുവിന്നെതിരിൽ എഴുന്നേല്പിച്ചുനിറുത്തരുത്. അത് സഹിക്കാൻ പറ്റുകയില്ല. ഹദീസിൽ വന്നിരിക്കുന്ന വാക്കുകൾ, ***അൽജുമുഅത്തു ഹഖ്ഖുൻ വാജിബുൻ അലാകുല്ലിമുസ്ലിമിൻ*** എന്നാണ്.

'ഹഖ്ഖി'നു നിഘണ്ടുകർത്താക്കൾ കൊടുത്ത വിശദീകരണം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് വാക്കും പ്രവൃത്തിയും പൂർത്തിയാകേണ്ട രീതിയിൽ പൂർത്തിയാകേണ്ട സമയത്ത് പൂർത്തിയാക്കുക എന്നാണ്. വാജിബ് എന്നു പറയുന്നത്, ചെയ്യേണ്ട കാര്യം ചെയ്യാത്തതുകൊണ്ട് മനുഷ്യൻ നിന്ദാർഹനാണെന്ന് മനസ്സിലാക്കുന്ന രീതിയിലുള്ള നിർബന്ധകാര്യമാണ്.

നബി(സ) തിരുമേനി പറഞ്ഞ ഈ വാക്കുകൾ വളരെ പ്രാധാന്യമർഹിക്കുന്നു. അതായത്, ജുമുഅ നമസ്കാരം നിർബന്ധമാണ്. എങ്ങനെയെന്നുവെച്ചാൽ, അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് അതിന്റെ നിശ്ചിത സമയത്ത് അതനുഷ്ഠിക്കുക. അനുഷ്ഠിക്കുന്നില്ലെങ്കിൽ മുസ്ലിംകൾ അല്ലാഹുവിന്റെ പിടിയിലകപ്പെടും. നിന്ദാർഹരായിത്തീരും. ജുമുഅ ഉപേക്ഷിക്കുകയോ അതിന് പ്രാധാന്യം നല്കാതിരിക്കുകയോ ചെയ്യുക എന്നത്, ചിന്തിക്കേണ്ട കാര്യമാണ്.

അല്ലാഹുതആല രണ്ടാമത്തെ വചനത്തിൽ പറയുന്നു: നിങ്ങളുടെ കച്ചവടത്തേക്കാൾ നിങ്ങൾ ജുമുഅക്ക് പ്രാധാന്യം നല്കുകയും, ഞാൻ നിശ്ചയിച്ചിട്ടുള്ള നിർബന്ധകാര്യങ്ങൾ നിറവേറ്റുന്നതിന്നായി നിങ്ങളുടെ ഭൗതികനേട്ടത്തെ അവഗണിക്കുകയും ചെയ്താൽ നിങ്ങളുടെ ഈ കർമ്മത്തിന് പ്രതിഫലം നല്കാതെ നിങ്ങളെ ഉപേക്ഷിച്ചുകളയുമെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ? അങ്ങനെയല്ല. നിങ്ങൾ ഈ നിർബന്ധകാര്യം നിർവഹിച്ചുകഴിഞ്ഞാൽ, നിങ്ങളുടെ കച്ചവടങ്ങളിൽ വ്യാപൃതരായിക്കൊള്ളുക. നിങ്ങളുടെ ഈ ആരാധനയും അല്ലാഹുവിനോടുള്ള അനുസരണവും കാരണത്താൽ നിങ്ങളുടെ ഈ പ്രവൃത്തികളിൽ അല്ലാഹു തന്റെ അനുഗ്രഹം വെച്ചിരിക്കുന്നു. ഇനി നിങ്ങൾ ഭൗതികമായ നേട്ടം കരസ്ഥമാക്കിയാൽ അല്ലാഹുവിന്റെ ഫള്ല് കൊണ്ട് നിങ്ങൾക്കതിൽ ബർക്കത്ത് കിട്ടും. പക്ഷേ, ആ പ്രവൃത്തികൾക്കിടയിലും നിങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കണം. അവനെ മറക്കാൻ പാടില്ല. അല്ലാഹുവിനോട് നന്ദിയുള്ള ദാസരായിരിക്കണം. തന്റെ കച്ചവട ഇടപാടുകളിൽ അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു എന്ന ഓർമ്മയുണ്ടാകണം. അതുകൊണ്ട് താൻ അവന്റെ കല്പനകൾ ആദ്യത്തേക്കാൾ കൂടുതൽ നിറവേറ്റാൻ കടപ്പെട്ടിരിക്കുന്നുവെന്ന ബോധമുണ്ടാവണം. തന്ത്രങ്ങളും സൂത്രങ്ങളുംകൊണ്ട് കച്ചവടങ്ങളെ അനുവദനീയമല്ലാത്ത നേട്ടങ്ങൾക്കുള്ള മാർഗ്ഗമാക്കരുത്. അല്ലാഹുവിനെ യഥാർത്ഥമായ നിലയിൽ സ്മരിക്കുമ്പോൾ അവനോടുള്ള ഭയവും എപ്പോഴും ഉണ്ടായിരിക്കും. അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകുമ്പോൾ, അവന്റെ സ്മരണയാൽ നാവ് എപ്പോഴും ആർദ്രമായിരിക്കും. ഇത് പിന്നീട് നിങ്ങളുടെ വിജയത്തിന് നിദാനമായിത്തീരും. കൂടുതൽ അനുഗ്രഹത്തിന്റെ വാതിലുകൾ അവനിൽ നിന്ന് നിങ്ങൾക്കായി തുറക്കും. തുടർന്ന് അല്ലാഹു പറയുന്നു, 'പക്ഷേ, എന്റെ ഈ കല്പന കേട്ടിട്ടും ജുമുഅക്ക് പ്രാധാന്യം നല്കാത്തവരും എന്നെ സ്മരിക്കുക എന്നതുതന്നെയാണ് യഥാർത്ഥത്തിൽ വിജയത്തിനുള്ള കാരണമെന്ന് ഞാൻ പറഞ്ഞ കാര്യം ശ്രദ്ധയോടെ കേൾക്കാത്തവരും, ഭൗതികമായ കളിതമാശകളിൽ ഹൃദയം അകപ്പെട്ടുകിടക്കുന്നവരും, ഏ നബി(സ)! അല്ലാഹുവിന്റെ ഈ കല്പനയിലേക്ക് നീ വിളിക്കുമ്പോൾ ഇതിലേക്ക് ചെവി കൊടുക്കാത്തവരും കപടവിശ്വാസികളാണ്.' ഇവരെ സംബന്ധിച്ച് നബി(സ) വലിയ താക്കീത് ചെയ്ത് പറഞ്ഞിരിക്കുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "യാതൊരു കാരണവും കൂടാതെ ജുമുഅ ഉപേക്ഷിച്ചവൻ, കർമ്മപുസ്തകത്തിൽ മുനാഫിഖ് എന്നെഴുതപ്പെടും. അതിനെ മായിച്ചുകളയാൻ പറ്റുകയില്ല. അതിനെ തിരുത്താനും സാധിക്കുകയില്ല."

എന്തെങ്കിലും കച്ചവടമോ കളിതമാശയോ കാണുമ്പോൾ അതിലേക്ക് ഓടിപ്പോകുന്നവർ, ***വ തർക്കൂക്ക ഖായിമാ***, നിന്നെ തനിച്ചുവിട്ടുകളയുന്നു. നീ പറയുന്നതിന് അവർ ചെവി കൊടുക്കുന്നില്ല. ഇപ്പറഞ്ഞത് മുനാഫിഖുകളെക്കുറിച്ചുതന്നെയാണ്. കാരണം നബി(സ)ന്റെ സ്വഹാബിമാർ എന്തിനും തയ്യാറായവരായിരുന്നു. അവർ കഠിനമായ പരിതസ്ഥിതിയിലും യുദ്ധത്തിൽ പോലും നബി(സ)യെ തനിച്ചുവിട്ടുകളഞ്ഞില്ല.

രണ്ടാമത്തേത്, ഇതിന്റെ പ്രാധാന്യം ഇക്കാലത്തും ബാധകമാണെന്നുള്ളതാണ്. അതായത്, ഭൗതികതയിൽ ആണ്ടുകിടക്കുന്ന മുസ്ലിംകൾ. ഇക്കാലത്ത് കളിതമാശകളുടെ പലതരത്തിലുള്ള സാധനസാമഗ്രികൾ ലഭ്യമാണ്. കച്ചവടങ്ങളും മറ്റു പ്രവൃത്തികളും ഒരു പ്രത്യേകതരത്തിലായിരിക്കുന്നു. പ്രാവർത്തികമായി മുസ്ലിംകളുടെ ഒരു വലിയ വിഭാഗം ജുമുഅ നമസ്കാരത്തിലേക്ക് വളരെ കുറച്ചേ ശ്രദ്ധിക്കുന്നുള്ളൂ. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ആ മഹാത്മാവ് പറയുന്നത് കേൾക്കാതെ ആ മഹാത്മാവിനെ തനിച്ചാക്കിവിട്ടുകളഞ്ഞുവെന്ന് മുനാഫിഖുകൾ കരുതിയിരുന്നു. എന്നാൽ, ആ മഹാത്മാവ് തനിച്ചായിരുന്നില്ല. സ്വഹാബത്തിന്റെ ഒരു വലിയ സംഘം എപ്പോഴും നബി(സ)

യോടൊപ്പമുണ്ടായിരുന്നു. പക്ഷേ, ഭൗതികത ഒരുപാടായിക്കഴിഞ്ഞിരിക്കുന്ന ഇക്കാലഘട്ടത്തിൽ മുസ്‌ലിംകളിൽ ഭൂരിഭാഗവും പെരുന്നാൾ നമസ്കാരം മാത്രമാണ് അനുഷ്ഠിക്കുന്നത്. തെറ്റായ ചിന്താഗതി ഉണ്ടായിട്ടുള്ള കാരണത്താലാണിത്. അവർ ജുമുഅത്തുൽവിദാ പ്രാധാന്യത്തോടെ നമസ്കരിക്കുന്നു. ഇത് ഇക്കാലത്തെ മുസ്‌ലിംകൾ പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. നബി(സ) ഇക്കാര്യത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ഒരു ഹദീസിൽ വന്നിരിക്കുന്നു.

ഹദ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: "അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഓരോരുത്തർക്കും ജുമുഅ ദിവസം ജുമുഅ നമസ്കരിക്കേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു; രോഗിയും യാത്രക്കാരനും സ്ത്രീയും കുട്ടിയും അടിമയുമൊഴികെ. കളിതമാശകളും കച്ചവടവും കാരണത്താൽ, ജുമുഅയെ അവഗണിക്കുന്നവരോട് അല്ലാഹുവും അവഗണനയോടെ പെരുമാറുന്നതാണ്. തീർച്ചയായും അല്ലാഹു സ്വച്ഛന്ദം വിഹരിക്കുന്നവനും സ്തുത്യർഹനുമാകുന്നു."

അല്ലാഹുവിന്റെ അവഗണന നിസ്സാര കാര്യമല്ല. മറിച്ച്, അല്ലാഹുവിനെ ഭയക്കുന്ന ഓരോ ബുദ്ധിമാന്മാരും അല്ലാഹുവിന്റെ അവഗണനയുടെ ഫലം നാശവും തകർച്ചയുമാണെന്ന് നല്ലവണ്ണം മനസ്സിലാക്കുന്നു. ദീനും ലഭിക്കില്ല. ദുൻയാവും ലഭിക്കില്ല. മുസ്‌ലിംകളുടെ ഏത് ജമാഅത്തെടുത്തുനോക്കിയാലും വ്യക്തമായും മനസ്സിലാക്കാൻ കഴിയും നബി(സ)ന്റെ കല്പന പാലിക്കാതെ, അല്ലാഹുവിന്റെ കല്പനകളെ അവഗണിച്ചുകൊണ്ടുള്ള അവസ്ഥയാണെങ്ങും. പരലോകത്ത് എന്തായിരിക്കും അവരോടുള്ള പെരുമാറ്റം? അതൊരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹദ്റത്ത് സമറ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ജുമുഅ നമസ്കരിക്കാൻ വരിക. ഇമാമിന്റെ അടുത്തുവന്നിരിക്കുക. ഒരാൾ ജുമുഅയ്ക്ക് പിന്നിൽ ഇരുന്നാൽ സ്വർഗ്ഗത്തിലും പിന്നിലായിപ്പോകും. യഥാർത്ഥത്തിൽ അവൻ സ്വർഗ്ഗത്തിന്റെ അവകാശിയാണ്." "അല്ലാഹുവിന്റെ സന്നിധിയിൽ ജുമുഅയുടെ ദിവസം വന്നിരുന്ന കണക്കനുസരിച്ച് അവർ ഇരിക്കുന്നതായിരിക്കും" എന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ജന്നത്തിന്റെ അവകാശികളായിരുന്നിട്ടും ചില കർമ്മങ്ങളാൽ ജന്നത്തിൽനിന്ന് അകറ്റിനിറുത്തുന്നത് എത്രമാത്രം നിർഭാഗ്യതയാണ്. അതും ജുമുഅ നമസ്കരിക്കാത്ത കാരണം കൊണ്ടു മാത്രം.

ജുമുഅ നമസ്കാരം ഉപേക്ഷിക്കുന്നവനെക്കുറിച്ച് നബി(സ) എത്രമാത്രം വെറുപ്പാണ് പ്രകടിപ്പിച്ചിരിക്കുന്നതെന്ന് നോക്കുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു. "ജുമുഅ ഉപേക്ഷിക്കുന്നവരെക്കുറിച്ച്, വേറൊരാളെ നമസ്കരിപ്പിക്കാൻ ഏല്പിച്ചുകൊണ്ട്, ജുമുഅ നമസ്കരിക്കാൻ വരാത്തവരുടെ വീടുകൾക്ക് തീവെച്ചാലോ എന്ന് എന്റെ മനസ്സാഗ്രഹിച്ചുപോകുകയാണ്." ഈ മുന്നറിയിപ്പ് ഓരോരുത്തരും അവരുടെ മുമ്പിൽ കാണേണ്ടതാണ്. നബി(സ)യുടെ ഈ അവസ്ഥ നാം എപ്പോഴും നമ്മുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. നബി(സ) തിരുമേനി മുഴുലോകത്തിനും കാരുണ്യമാണ്. ആ മഹാത്മാവിന്റെ മനസ്സ് മൃഗങ്ങളോടും പക്ഷികളോടുമുള്ള സ്നേഹംകൊണ്ടുപോലും നിറഞ്ഞിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കല്പനകളിൽ നിന്ന് അകന്നുനില്ക്കുന്ന ആരെയെങ്കിലും കണ്ടാൽ, ജുമുഅ നമസ്കരിക്കാൻ വരാത്തവന്റെ വീട്ടിന് തീവെച്ചാലോ എന്ന് പറയുന്നു. ഈ പ്രകടനവും തന്റെ ജനതയ്ക്കുവേണ്ടി ആ മഹാത്മാവിന്റെ മനസ്സിലുണ്ടായിരുന്ന അനുകമ്പ തന്നെയാണ്. അതായത്, അല്ലാഹു നിങ്ങളുടെ വളരെ അടുത്തെത്തിയിട്ടും നിങ്ങളുടെ കച്ചവടങ്ങളും ഭൗതികമായ നേട്ടങ്ങൾക്കുമെതിരിൽ ആയിരം അല്ലെങ്കിൽ ലക്ഷക്കണക്കിന് ഇരട്ടി നിങ്ങളുടെ ഗുണത്തിനുള്ള സാഹചര്യങ്ങളൊരുക്കിയിട്ടും എന്തുകൊണ്ട് നിങ്ങളത് വാങ്ങുന്നില്ല? ഈ പ്രകടനം നടത്തിയിട്ടുള്ളത് ജുമുഅ നമസ്കരിക്കാത്തവർ അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. അല്ലാഹു തന്റെ കാരുണ്യം വിതരണം ചെയ്യുന്നു. നിങ്ങളാണെങ്കിൽ അത് വാങ്ങുന്നുമില്ല. വീട്ടിലെ സുഖവും കച്ചവടങ്ങളും ഭൗതികമായ നേട്ടങ്ങളും ജുമുആയെക്കാൾ കൂടുതൽ ഫലം ചെയ്യുന്നതാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. നേട്ടമെന്താണെന്ന് തന്നോട് ചോദിച്ചാൽ താൻ പറഞ്ഞുതരാമെന്ന് നബി(സ) നിങ്ങളോട് പറയുന്നു. ഈ ഭൗതികമായ സുഖത്തേയും ക്ഷേമത്തേയും കളിയേയും തമാശയേയും കച്ചവടങ്ങളേയും എല്ലാം കത്തിച്ചുച്ചാമ്പലാക്കേണ്ടി വന്നാലും ജുമുആയ്ക്ക് വരേണ്ടതാണ്. അത്തരം കാര്യങ്ങളിൽനിന്നെല്ലാം രക്ഷപ്പെട്ടുകൊള്ളുക. ആത്മീയതയിൽ അഭിവൃദ്ധിപ്പെടാനും ദുആ സ്വീകാര്യതയുടെ കാഴ്ചകൾ ദർശിക്കാനും അല്ലാഹുവിന്റെ സാമീപ്യവും തൃപ്തിയും കരസ്ഥമാക്കാനും ഒരിക്കലും നഷ്ടമാകാത്തതും അനശ്വരമായതുമായ കച്ചവടത്തിന്റെ അനന്തരാവകാശിയാകാനും വേണ്ടി ജുമുഅയുടെ അനുഗ്രഹങ്ങളിൽനിന്ന് നിങ്ങൾ ഫലമെടുക്കുക.

ഇന്ന് അന്യജനതകളുടേയും മതത്തിൽനിന്ന് വ്യതിചലിച്ചവരുടേയും അലങ്കാരങ്ങളും കച്ചവടങ്ങളും മുതലുകളും നമ്മെ അവരിലേക്ക് വലിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിലാണ് എല്ലാ അനുഗ്രഹങ്ങളുമെന്ന യാഥാർത്ഥ്യം നാം മറന്നുപോകുന്നു. അതുകൊണ്ടാണ് ദുൻയാവിലെ അലങ്കാരങ്ങളും കച്ചവടങ്ങളും അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗ്ഗങ്ങൾക്കെതിരിൽ ഒന്നുമല്ലായെന്ന് വ്യക്തമാക്കുന്നത്.

മറ്റുള്ളവരെ കോപ്പിയടിച്ച് ജുമുഅത്തുൽ വിദായെ

സംബന്ധിച്ച് 'ഇന്ന് പാപം പൊറുപ്പിച്ചു, ഇനി അടുത്ത വർഷം നോക്കാം' എന്ന നിലയിൽ അതിന് പ്രാധാന്യം നല്കുന്ന ആരെങ്കിലും നമ്മളിലുണ്ടെങ്കിൽ അവർ അങ്ങേയറ്റം തെറ്റിലാണുള്ളത്. അഥവാ ഈ ദിവസം വന്നിട്ടുള്ളത്, ഇന്നത്തെ ഈ ജുമുഅയിൽനിന്ന് അനുഗ്രഹം തേടിക്കൊണ്ട്, ഇതിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുത്തുകൊണ്ട് ഇനി ജുമുആയിൽ മുടങ്ങാതെ പങ്കെടുക്കണമെന്ന നിലയിലാണെങ്കിൽ, ഇത് അങ്ങേയറ്റം ഉദാത്തവും അനുഗൃഹീതവുമായ ദിവസമാണ്. അത്തരക്കാരന്റെ ജീവിതം ധന്യമാണ്. ഇക്കാലഘട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ ജുമുഅയ്ക്ക് വളരെ പ്രാധാന്യമുണ്ട്. കാരണം ഇക്കാലത്ത് കളിതമാശകൾക്കുള്ള എല്ലാ അവസരങ്ങളും ഒരുപാടാണ്. കച്ചവടങ്ങളുടെ മേഖലയും നിരവധിയാണ്. അതുകൊണ്ട് ഇതിൽനിന്ന് രക്ഷപ്പെടുക എന്നതും അല്ലാഹുവിന്റെ പക്കൽ വളരെ വലിയ പ്രതിഫലത്തിന് കാരണമാകും. പക്ഷേ, ഒരഹ്‌മദിയെ സംബന്ധിച്ചിടത്തോളം, ഏതൊരു കാലഘട്ടത്തിലൂടെയാണോ നാം കഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നത്, നബി(സ)യുടെ പ്രവചനമനുസരിച്ച് സൂറഃജുമുആയിൽ ഇറങ്ങിയിട്ടുള്ള കല്പനകളനുസരിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമാണിത്. ***വ ആഖരീനമിൻഹും ലമ്മാ യൽഹഖൂബിഹിം*** എന്ന വിളംബരവും ഈ സൂറത്തിലുണ്ട്. അതായത്, മറ്റൊരു കൂട്ടരുമുണ്ട്. അവരിൽ അദ്ദേഹത്തെ അല്ലാഹു അയക്കുന്നതാണെന്ന്. അവർ ഇവരുമായി ഇതുവരെ ചേർന്നിട്ടില്ല. ഇതിൽ നബി(സ)യുടെ സത്യസന്ധനായ പ്രേമിയെ അയക്കുമെന്ന പ്രവചനവും വിളംബരവുമാണുള്ളത്. അദ്ദേഹം ഒരു ജമാഅത്ത് ഉണ്ടാക്കുന്നതിനും മുസ്‌ലിംകളെ ഒന്നിപ്പിക്കുന്നതിനും, ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും വിളിച്ചുപറയണമായിരുന്നു. ആ മഹാത്മാവ് നിയോഗിതനായി. ഉറക്കെ വിളിച്ചുപറയുകയും ചെയ്തു. അദ്ദേഹത്തെ വിശ്വസിച്ച നമ്മൾ ഭാഗ്യവാന്മാരാണ്. നമ്മൾ അദ്ദേഹത്തിന്റെ ശബ്ദത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് വിജയത്തിന്റെ പാത അന്വേഷിക്കുക എന്ന ഉദ്ദേശ്യത്തോടെ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. വർഷത്തിലൊരിക്കൽ ജുമുഅ നമസ്കരിക്കുന്നവരല്ല നാം. മറിച്ച്, നമ്മൾ യാഥാർത്ഥ്യത്തെ പ്രാപിച്ചവരാണ്. ***മാ ഇൻദല്ലാഹി ഖയ്റുൻമ്മിനല്ലഹ്‌വി വമിനത്തിജാറത്തി*** എന്നതിനെ പ്രാപിച്ചവരാണ്. അല്ലാഹുവിന്റെയടുക്കലുള്ളത് ഇക്കാണുന്ന സന്തോഷത്തേയും കച്ചവടത്തേയുംകാൾ ഒരുപാട് ഉത്തമമാണ്.

നമ്മൾ സാക്ഷ്യം വഹിക്കുന്നു. 'അല്ലഹുവേ, നിന്റെ പ്രിയപ്പെട്ട റസൂൽ(സ) മുഖേന നീ ചെയ്തതിന്റെ വിളംബരം നല്ലവണ്ണം മനസ്സിലാക്കിയവരാണ് ഞങ്ങൾ. ഇതിനെക്കുറിച്ച് യഥാർത്ഥമായ ജ്ഞാനം, അഫ്സലുർറസൂൽ(സ)ന്റെ സത്യസന്ധനായ പ്രേമിയാണ് ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നത്. അതായത് അല്ലാഹു ***ഖയറുർറാസിഖീൻ***. രിസ്ഖ് നല്കുന്നവരിൽ അല്ലാഹു ഏറ്റവും ഉത്തമനാണ്. മനുഷ്യന് ചിന്തിക്കാൻ പോലും കഴിയാത്ത വഴിയിലൂടെ അവർക്ക് അവൻ രിസ്ഖ് നല്കുന്നു.

നബി(സ)യെ തനിച്ചാക്കിയിട്ട് നമുക്ക് കളിതമാശകളിലും കച്ചവടങ്ങളിലും അകപ്പെടാൻ കഴിയുമോ? ഈ തിരിച്ചറിവാണ് ജുമുഅയെക്കുറിച്ച് ഓരോ അഹ്‌മദിയിലും ഉണ്ടായിരിക്കേണ്ടത്. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട്, മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് നമ്മളിൽ ഉത്തരവാദിത്തങ്ങൾ ഒരുപാടിരട്ടി വർദ്ധിച്ചിരിക്കുകയാണെന്ന കാര്യം അഹ്‌മദി ഒരിക്കലും മറക്കരുത്. അത് എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. നമ്മുടെ ഉത്തരവാദിത്തങ്ങൾ ഒരുപാടൊരുപാട് വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ ജുമുആകൾ ഇപ്പോൾ സാധാരണ ജുമുആകളല്ല. അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ള നമ്മുടെ പരിശ്രമം, 'ചെയ്തെങ്കിൽ ചെയ്തു, ഇല്ലെങ്കിൽ പോട്ടെ' എന്ന നിലയിലുള്ളതുമല്ല. നമ്മൾ നമ്മുടെ ജുമുഅ സംരക്ഷിച്ചുനിറുത്തേണ്ടതാണ്. നമ്മുടെ മക്കളുടെ ജുമുആയും സംരക്ഷിക്കേണ്ടവരാണ്. എല്ലാ മുസ്‌ലിംകളേയും എല്ലാ ജനങ്ങളേയും ഏകമതത്തിൽ സംഘടിപ്പിക്കേണ്ട ചുമതലയും നമ്മളിലാണുള്ളത്. അതും നാം നിറവേറ്റണം.

നമ്മുടെ ജുമുആയിൽ കൃത്യനിഷ്ഠയില്ലെങ്കിൽ നമുക്ക് ജുമുആയോട് ഒരു പ്രത്യേക ശ്രദ്ധയില്ലെങ്കിൽ ബയ്അത്ത് ചെയ്തു എന്ന നമ്മുടെ വാദവും നിഷ്ഫലമാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം ചിന്താർഹമാണ്.

തലമുറയുടെ തർബിയ്യത്തിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഒന്നുകൂടി പറയട്ടെ. ചില ഭാര്യമാർ, ചില സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെക്കുറിച്ച് ദുആയ്ക്കുവേണ്ടി എഴുതാറുണ്ട്. തങ്ങളുടെ ഭർത്താക്കന്മാർക്ക് നമസ്കാരങ്ങളിൽ കൃത്യത പാലിക്കാൻ കഴിയുന്നതിനും അവർക്ക് ജുമുആയിൽ മുടങ്ങാതെ പങ്കെടുക്കാൻ ഭാഗ്യം കിട്ടുന്നതിനും വേണ്ടി ദുആ ചെയ്യുക എന്നാണ് അവർ എഴുതുന്നത്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആരാധനയിൽ നിഷ്ഠ പാലിക്കുന്ന ഇത്തരം സ്ത്രീകളേയും നല്കിയിരിക്കുന്നുവല്ലോ എന്നോർക്കുമ്പോൾ സന്തോഷമുണ്ട്. അവർക്ക് അവരുടെ നമസ്കാരങ്ങളോടൊപ്പം തങ്ങളുടെ ഭർത്താക്കന്മാരുടേയും കുട്ടികളുടേയും നമസ്കാരങ്ങളെക്കുറിച്ചുള്ള ചിന്തയുമുണ്ട്. പക്ഷേ, ഈ സന്തോഷത്തോടൊപ്പം ദുഃഖവുമുണ്ടാകുന്നു. ദീനീകാര്യങ്ങളിൽ പൂർണമായും ശ്രദ്ധിക്കാത്ത ഈ ഭർത്താക്കന്മാർക്ക് മാറ്റമുണ്ടാകുന്നില്ലെങ്കിൽ അവരുടെ കുട്ടികളും അവരുടെ കണ്മുമ്പിൽ അവരുടെ പ്രവൃത്തി തുടരുമെന്നതാണ് ആ ആശങ്ക. ഇക്കാലഘട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ

കളിതമാശകളും മറ്റു വിനോദങ്ങളും കൊടികുത്തിവാഴുകയാണ്. ജുമുആയിലുള്ള ഇവരുടെ അശ്രദ്ധ ഇവരുടെ കുട്ടികളും കളിതമാശകളിലകപ്പെട്ടുപോകുമോ എന്ന ശങ്കയുളവാക്കുന്നു.

ജമാഅത്തിലെ കുട്ടികൾ, അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ, അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ. ഒരിക്കലും തിരിച്ചുവരാൻ കഴിയാത്തത്ര ദൂരത്തിൽ ദീനിൽനിന്ന് അകന്നുപോകാതിരിക്കട്ടെ.

ഈ കാലഘട്ടത്തിൽ അഹ്മദികളുടെ ഉത്തരവാദിത്തം വളരെ വലുതാണ്. നമ്മളിൽ അർപ്പിക്കപ്പെട്ട ഒരു അമാനത്ത്, നമ്മൾ ചെയ്ത ഒരു ഉടമ്പടി അതിന്റെ കടമ നിറവേറ്റേണ്ടതുണ്ട്. ഈ കടമ ദുആയും അല്ലാഹുവിന്റെ അനുഗ്രഹവും കൂടാതെ നിറവേറ്റപ്പെടുകയില്ല. അല്ലാഹു നമ്മളിൽ ഔദാര്യം ചെയ്തുകൊണ്ട് ജുമുആയിൽ മാറ്റത്തിന്റെ ആ നേരം വെച്ചിട്ടുണ്ട്. ആ നേരത്താണ് നാം ചെയ്ത പ്രാർത്ഥന സ്വീകരിക്കപ്പെടുന്നത്. നമ്മൾ നമ്മുടെ മക്കൾക്ക് അല്ലാഹുവുമായി സുദൃഢബന്ധമുണ്ടാകാൻ വേണ്ടി ചെയ്യുന്ന ദുആയേക്കാൾ നന്മയ്ക്കുള്ള വലിയ ദുആ മറ്റെന്താണുള്ളത്? അല്ലാഹുവിന്റെ അവസാനത്തെ ദീനിൽ നിലനില്ക്കാനും നമ്മുടെ തലമുറകളെ അതിൽ നിലനിറുത്താനും അതിനെ പ്രചരിപ്പിക്കാനും ഭാഗ്യം കിട്ടിയ നമ്മൾ യഥാർത്ഥത്തിൽ ജുമുആയുടെ കടമ നിറവേറ്റുന്നവരാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടവരാണ് നാം. ആ മഹാത്മാവ് അവസാനകൂട്ടരിലും ഒരു ജമാഅത്ത് സ്ഥാപിച്ചു. അവർ ആദ്യം വന്നവരുമായി കൂടിച്ചേർന്നു. അങ്ങനെ അവസാനം വന്നവർ ആദ്യം വന്നവരുടെ സ്ഥാനം കരസ്ഥമാക്കി. ആദ്യം വന്നവരുണ്ടാക്കിയ മാറ്റം പോലെ തങ്ങളിലും മാറ്റമുണ്ടാക്കാൻ അവർ ശ്രമിച്ചു. അവർ തങ്ങളുടെ ആരാധനയുടെ ഉത്തമമായ നിലയും കരസ്ഥമാക്കി. അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ പദവിയും കരസ്ഥമാക്കി. നമ്മളിലൊരുപാടാളുകളുണ്ട്; അവർ തങ്ങൾ സഹാബിമാരുടെ മക്കളാണെന്ന് അഭിമാനം കൊള്ളുന്നവരാണ്. അവർക്ക് ആദ്യം വന്നവരുമായി കൂടിച്ചേരാനുള്ള അവസരം കിട്ടി. എന്നാൽ, നാം നമ്മുടെ കർമ്മങ്ങളിലും ആ സഹാബാക്കളുടെ കാലടിപ്പാതകളിലൂടെ നടന്നുകൊണ്ട് പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയിട്ടില്ലെങ്കിൽ ആ അഭിമാനം നമുക്കൊരു പ്രയോജനവും ചെയ്യുകയില്ല.

ചിന്തിക്കേണ്ട സ്ഥാനമാണിത്. ഒരുപാട് ചിന്തിക്കേണ്ട സ്ഥാനമാണിത്. ഇവിടെ നാം ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യവുമുണ്ട്.

നബി(സ)യുടെ കൊടിക്കീഴിൽ വന്നതിന്റെ മാറ്റം നമുക്ക് വരേണ്ടതുണ്ട്. മുഴുലോകവും ആ മഹാത്മാവിന്റെ കൊടിക്കീഴിൽ വരണം. ഇൻശാഅല്ലാഹ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നമ്മൾ നമ്മുടെ ബലഹീനതയിലേക്ക് നോക്കിയും, അല്ലാഹുവിനെ ആരാധിച്ചും, ദൈവികചിഹ്നങ്ങളെ കാത്തുസൂക്ഷിച്ചുംകൊണ്ട് ആ മാറ്റത്തിൽ ഭാഗഭാക്കാകണം. എങ്കിലേ നാം ഇക്കാലഘട്ടത്തിലേയും ഇക്കാലഘട്ടത്തിലെ ജുമുആകളിലേയും അനുഗ്രഹത്തിൽ ഭാഗഭാക്കായി എന്ന് പറയപ്പെടുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു നിർദ്ദേശം ഞാൻ കേൾപ്പിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു: അല്ലാഹുതആല അവന്റെ അനുഗ്രഹങ്ങൾ പൂർത്തിയാക്കി. ആ ദീൻ ഇതുതന്നെയാണ്. ഇതിന്റെ പേര് ഇസ്ലാമെന്നാണ്. ആ അനുഗ്രഹങ്ങളിൽ ജുമുആ ദിവസവും പെടുന്നു. ആ ദിവസമായിരുന്നു നിങ്ങൾക്കവൻ ദീൻ പൂർത്തിയാക്കിത്തന്നത്. അത് സൂചിപ്പിക്കുന്നത് '***ലിയുള്ഹിറഹുഅലദ്ദീനി കുല്ലിഹി***' എന്നതിന്റെ അടിസ്ഥാനത്തിൽ അതൊരു വമ്പിച്ച കൂടിച്ചേരലായിരിക്കുമെന്നാണ്. ആ ജുമുഅ ഇപ്പോൾ വന്നിരിക്കുകയാണ്. അല്ലാഹു ആ ജുമുആ മസീഹ് മൗഊദുമായി പ്രത്യേകപ്പെടുത്തിയിരിക്കുന്നു. അനുഗ്രഹങ്ങളുടെ പൂർത്തീകരണം രണ്ടു രീതിയിലാണ്. ഒന്നാമത്തേത് ഹിദായത്തിന്റെ പൂർത്തീകരണം. രണ്ടാമത്തേത് സന്മാർഗ്ഗത്തിന്റെ പ്രചാരണപൂർത്തീകരണം. ഇനി നിങ്ങൾ ചിന്തിച്ചുനോക്കുക, സന്മാർഗ്ഗത്തിന്റെ പൂർത്തീകരണം നബി(സ) യുടെ കാലഘട്ടത്തിൽ സമ്പൂർണ്ണമായനിലയിൽ പൂർത്തിയായി കഴിഞ്ഞു. പക്ഷേ, സന്മാർഗ്ഗത്തിന്റെ പ്രചാരണപൂർത്തീകരണ കാലഘട്ടം, രണ്ടാമത്തെ കാലഘട്ടമായിരിക്കണമെന്ന് അല്ലാഹു തീരുമാനിച്ചു; അതായത്, നബി(സ) ബറൂസി(പ്രതിച്ഛായ)യായ രൂപത്തിൽ വരുമ്പോൾ. ആ കാലഘട്ടം മസീഹ് മൗഊദിന്റേയും മഹ്ദിയുടേയും കാലഘട്ടമാണ്. ഇക്കാരണത്താലാണ് ***ലിയുള്ഹിറഹുഅലദ്ദീനി കുല്ലിഹി***' എന്ന് എടുത്തുപറഞ്ഞിരിക്കുന്നത്. എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും ഐകകണ്ഠ്യേന അംഗീകരിച്ചിട്ടുള്ള കാര്യമാണിത്. അതായത്, ഈ പ്രവചനം മസീഹ് മൗഊദിന്റെ കാലഘട്ടത്തെക്കുറിച്ചാണ്. യഥാർത്ഥത്തിൽ ദീനിന്റെ വിജയമുണ്ടാകുന്നത് മുഴുവൻ മതങ്ങളും രംഗത്തിറങ്ങുമ്പോഴാണ്. മതപ്രചാരണത്തിനുള്ള സകല മാർഗ്ഗങ്ങളും ഉണ്ടാകുമ്പോഴാണ്. ദൈവാനുഗ്രഹത്താൽ ആ കാലം ഇതാ വന്നെത്തിയിരിക്കുന്നു. ഇപ്പോൾ പ്രസ്സിന്റെ ആധിക്യം കൊണ്ട് ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും അച്ചടിയുമായി ബന്ധപ്പെട്ടിട്ടുള്ള സൗകര്യങ്ങളും അതിന്റെ വികസനവും എല്ലാവർക്കുമറിയാം. പോസ്റ്റാഫീസ് മുഖേന മുഴുവൻ ലോകത്തും പ്രചാരണം നടത്താം. പത്രമാസികകളിലൂടെ മുഴുവൻ ലോകത്തിലേയും വിവരങ്ങൾ ലഭിക്കുന്നു. റെയിലുകൾ മുഖേന യാത്ര എളുപ്പമായിത്തീർന്നിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ എത്രത്തോളം ഇന്ന് പുതിയ കണ്ടുപിടിത്തങ്ങൾ നടക്കുന്നുണ്ടോ അതനുസരിച്ച് മാഹാത്മ്യത്തോടുകൂടി അത് മസീഹ് മഊദിന്റെ കാലഘട്ടമാണിതെന്ന്

സാക്ഷീകരിക്കുകയും ചെയ്യുന്നു. ദീനിന്റെ വിജയത്തിനുള്ള അവസരം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നബി(സ) മുഖേന പ്രവചിച്ച ***ലിയുള്ഹിറഹുഅലദ്ദീനി കുല്ലിഹി***യുടെ കാലഘട്ടം ഇതുതന്നെയാണ്. ***'അൽയൗമ അക്മൽതു ലക്കും ദീനക്കും വ അത് മംതു അലയ്ക്കും നിഅ്മത്തി'*** എന്നതിന്റെ മഹത്ത്വം ഉയർത്തിപ്പിടിക്കുന്നതിന്റെ കാലഘട്ടമാണ്. വീണ്ടും അനുഗ്രഹങ്ങൾ പൂർത്തീകരിക്കപ്പെടുന്ന കാലഘട്ടമാണ്. ***ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹും*** എന്ന പ്രവചനം പൂർത്തിയാകുന്ന ജുമുആയും ഇതുതന്നെയാണ്. ഇപ്പോൾ നബി(സ)യുടെ വെളിപെടൽ ബറൂസി(പ്രതിച്ഛായ)യായ രൂപത്തിൽ ഉണ്ടായിരിക്കുന്നു. സ്വഹാബത്തിന്റെ ഒരു ജമാഅത്തും നിലവിൽ വന്നുകഴിഞ്ഞിരിക്കുന്നു. അനുഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുള്ള ആ കാലഘട്ടം വന്നെത്തിയിരിക്കുകയാണ്. പക്ഷേ, ഇതറിയുന്നവർ വളരെ കുറച്ചേയുള്ളൂ. പരിഹസിക്കുന്നവരാണധികവും. അവർ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ജ്യോതിസ്സ് കാണിക്കുന്ന ആ സമയം അടുത്തെത്തിയിരിക്കുകയാണ്. ശക്തമായ ആക്രമണങ്ങളാൽ ആ കാലത്തിന്റെ വരവ് സത്യപൂർണ്ണമാണെന്ന് കാണിക്കുകതന്നെ ചെയ്യും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ സകല ദീനും ഒരുമിച്ചുകൂടണം. പ്രചാരണ പ്രവർത്തനങ്ങളെല്ലാം പൂർത്തിയാകണം. ഇത് ഹദ്റത്ത് മസീഹ് മൗഊദിന്റെതന്നെ കാലഘട്ടമാണ്. ഈ കാലഘട്ടത്തിലാണ് എല്ലാ ദീനും രംഗത്ത് വന്നിട്ടുള്ളത്. എന്നല്ല, അല്ലാഹുവിൽ വിശ്വസിക്കാത്തവരും ഇന്ന് സജീവമായി രംഗത്തുണ്ട്. ഈ പ്രചാരണമാർഗ്ഗങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് അവർ ജനങ്ങളെ സന്മാർഗ്ഗത്തിൽ നിന്ന് അകറ്റിക്കൊണ്ടുപോകാൻ ശ്രമിക്കുന്നു. മറ്റുള്ളവരെല്ലാം അഹ്മദിയ്യത്തിനെ വെല്ലുവിളിക്കുകയാണ്. പക്ഷേ, ഇൻശാഅല്ലാഹ് വിജയം മസീഹ് മൗഊദിന്റെ ജമാഅത്തിനാണ് വിധിക്കപ്പെട്ടിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് നടന്ന ചില കണ്ടുപിടിത്തങ്ങളെക്കുറിച്ച് ആ മഹാത്മാവ് പറയുകയുണ്ടായി. എത്രത്തോളം കണ്ടുപിടിത്തങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുന്നുവോ അതനുസരിച്ച് മസീഹ് മൗഊദിന്റെ കാലഘട്ടത്തെ അത് സത്യപ്പെടുത്തിക്കൊണ്ടേപോകുകയാണ്. ദീനിന്റെ വിജയത്തിനുള്ള മാർഗ്ഗങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇന്ന് നോക്കുക, സാറ്റ്ലൈറ്റ്, ടെലിവിഷൻ, ഇന്റർനെറ്റ് ഇതിലൊക്കെ ഒരുപാട് വികസനമുണ്ടായിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുതആല ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിച്ചുകൊണ്ട് എം.ടി. എയും ഇന്റർനെറ്റും ആ മഹാത്മാവിന് നല്കി. ഇതുമുഖേന പ്രബോധനം വളരെ നല്ലനിലയിൽ നടന്നുവരുന്നു. ഇതെല്ലാം ഒരേയൊരു മതത്തിൽ ജനങ്ങളെ ഒരുമിച്ചുകൂട്ടുന്നതിനുള്ള സംരംഭങ്ങളാണ്.

നമ്മളും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചും നമ്മുടെ ചിന്താഗതി വികസിപ്പിച്ചും പ്രാർത്ഥനയോടുകൂടി നമ്മളേയും നമ്മുടെ മക്കളേയും കുറിച്ച് ചിന്തിച്ചുംകൊണ്ട് ഈ മാറ്റങ്ങളിൽ പങ്കാളികളാകാൻ ശ്രമിക്കേണ്ടതാണ്.

ഇക്കാലഘട്ടത്തിൽ ഓരോ അഹ്മദിയും ആരാധനയുടേയും പ്രാർത്ഥനയുടേയും നിലവാരം മെച്ചപ്പെടുത്താൻ പരിശ്രമിക്കേണ്ടതാണ്. റമദാനും അതിലെ അവസാനത്തെ ജുമുആയും മാത്രമല്ല, മറിച്ച് നബി(സ) പറഞ്ഞതുപോലെ അഞ്ചുനേര നമസ്കാരവും ജുമുഅ മുതൽ ജുമുഅയും റമദാൻ മുതൽ റമദാനും നമ്മുടെ ഉള്ളിൽ പരിശുദ്ധിയുണ്ടാക്കുന്നതായിത്തീരണം. അല്ലാഹു നമ്മുടെ തെറ്റുകൾ പൊറുക്കട്ടെ. വിജയത്തിന്റെ ദൃശ്യങ്ങൾ കാണുന്നവരിൽ നമ്മളേയും ഉൾപ്പെടുത്തുമാറാകട്ടെ.

ഇന്ന് ഈ ജുമുആയിൽ നാം ഇങ്ങനെ പ്രതിജ്ഞ ചെയ്യുക. അല്ലാഹു നോമ്പിനോടൊപ്പം ഈ ജുമുഅയിൽ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കാനും നമുക്ക് സൗഭാഗ്യം നല്കി. അതുകൊണ്ട് നാം ഏറ്റവുമാദ്യം അതിന്റെ ഉദ്ദേശ്യം നമ്മളിൽ നടപ്പിലാക്കുന്നവരായിത്തീരണം. ഇന്നുമുതൽ നമ്മുടെ എല്ലാ തിന്മകളും ദോഷങ്ങളും നന്മകളിലേക്ക് മാറ്റാൻ ശ്രമിക്കുക. അശുദ്ധിയെല്ലാം പരിശുദ്ധിയിലേക്ക് മാറ്റാൻ ശ്രമിക്കുക. ഇനി സമയം വളരെ കുറച്ചേയുള്ളൂ. ഈ നേരത്തും ദൈവസ്മരണയിൽ നാവ് ആർദ്രമാക്കിവയ്ക്കുക. റമദാനിൽ നന്മ ചെയ്യാൻ ശ്രമിച്ചതെല്ലാം അയവിറക്കിക്കൊണ്ടിരിക്കുക; ആരാധനാകർമ്മങ്ങൾ, സമസൃഷ്ടിസേവനം, സാമ്പത്തികത്യാഗം, തഹ്രീകെ ജദീദ്, വഖ്ഫെജദീദ് വാഗ്ദാനങ്ങളുടെ പൂർത്തീകരണം തുടങ്ങിയവയെല്ലാം. ഈ എല്ലാ ശ്രമങ്ങളും ഈ ജുമുആയുടെ അനുഗ്രഹം കൊണ്ട് അല്ലാഹു സ്വീകരിക്കുമാറാകട്ടെ. അല്ലാഹുവേ, ഞങ്ങൾ ചെയ്തിട്ടുള്ള ഈ കർമ്മങ്ങളിലെല്ലാം എന്നെന്നും നിലകൊള്ളാൻ ഞങ്ങൾക്ക് ഭാഗ്യം നല്കേണമേ. വരുംകാലങ്ങളിലുള്ള ഞങ്ങളുടെ ഓരോ പരിശ്രമവും നിന്റെ തൃപ്തി ലഭിക്കുന്നതിന് കാരണമാക്കേണമേ. നീ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ആ വാഗ്ദാനങ്ങളുടെ പുലർച്ച കാണാൻ ഞങ്ങൾക്ക് ഭാഗ്യം നല്കേണമേ. നമ്മളെ സ്നേഹിക്കുന്ന നമ്മുടെ അല്ലാഹുവിൽ നിന്ന് നാം പ്രതീക്ഷിക്കുന്നത്, ഇന്ന് ഓരോ അഹ്മദിയുടേയും ഉള്ളിൽനിന്ന് പുറത്തുവരുന്ന ഒറ്റക്കെട്ടായിട്ടുള്ള ഈ പ്രാർത്ഥന സ്വീകരിക്കപ്പെടുകയാണെങ്കിൽ, ചെറിയ ചെറിയ നദികൾ ഒഴുകി വലിയ നദിയായി മാറുന്നതുപോലെ, ഈ സമൂഹം വൻജനസമുദ്രമായി മാറുമെന്നാണ്. അപ്പോൾ ഇതിന്റെ മുമ്പിൽ

വന്നുപെടുന്ന എല്ലാ മാലിന്യങ്ങളും ശുദ്ധീകരിക്കപ്പെടും. പരസ്പരമുള്ള പ്രാർത്ഥനയുടെ ഫലമായി നമ്മുടെ ഉള്ളിലുള്ള അഴുക്കുകളും കഴുകിവൃത്തിയാക്കപ്പെടും. അതുകൊണ്ട് ഇന്നത്തെ പ്രാർത്ഥനയെ ആ തെളിമയാർന്ന ജലം പോലെയാക്കിത്തീർക്കുക. അത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടി നിശ്ചയിക്കപ്പെട്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടാണ് അതുണ്ടാകുന്നത്. അല്ലാഹുവിൽനിന്നുള്ള അനുഗ്രഹംകൊണ്ട് നമ്മുടെ മനസ്സിലെ അഴുക്കുകൾ കൂടുതൽ കഴുകി വൃത്തിയാക്കപ്പെടട്ടെ.

ദുആ സ്വീകാര്യത കാണുന്നവരായി നാം തീരട്ടെ. ഹൃദയങ്ങൾ ശുദ്ധീകരിക്കപ്പെടുന്നത് നമുക്ക് കാണാൻ ഭാഗ്യം ലഭിക്കട്ടെ. അല്ലാഹുവിന്റെ സ്നേഹ പ്രകടനം ദർശിക്കുന്നവരായിത്തീരട്ടെ. ശത്രുക്കളിൽ നിന്ന് അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ ഭരണം നമ്മുടെ ഹൃദയങ്ങളിലും, ലോകത്തിന്റെ ഹൃദയങ്ങളിലും നിലനാട്ടുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ പ്രിയപ്പെട്ട റസൂലിന്റെ ദീനിന്റെ കൊടി, അതിന്ന് അഹ്മദികളെയാണ് ഏല്പിച്ചിട്ടുള്ളത്. ഈ ജുമുആയുടെ അനുഗ്രഹംകൊണ്ട് അത് ലോകം മുഴുവൻ പാറികളിക്കുന്നത് കാണുന്നവരാകട്ടെ.

ഈ ജുമുഅ അനശ്വരമായ ബർക്കത്തുകൾ ഉൾക്കൊള്ളുന്നതാണ്. അല്ലാഹു അത് കാണാനും പ്രാപിക്കാനുമുള്ള ഭാഗ്യം നമുക്ക് നല്കുമാറാകട്ടെ.

റമസാനിലെ ഈ അവസാനത്തെ ദിവസം, പ്രത്യേകമായും രോഗികളേയും, വിഷമിക്കുന്നവരേയും ആവശ്യങ്ങൾ നിറവേറാതെ ബുദ്ധിമുട്ടുന്നവരേയും നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കുക. ദീനിന് സേവനം ചെയ്യുന്നവരേയും ജീവിതം സമർപ്പണം ചെയ്ത് ദീനിനെ സേവിക്കുന്നവരേയും വഖ്ഫ് ചെയ്ത കുട്ടികളേയും അവരുടെ മാതാപിതാക്കളേയും ദുആയിൽ ഓർക്കുക. അവർക്ക് അവരുടെ പ്രതിജ്ഞ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. സാമ്പത്തികത്യാഗം ചെയ്യുന്നവരേയും മുസ്‌ലിം ഉമ്മത്തിനേയും ലോകത്തുള്ള എല്ലാവരേയും പ്രാർത്ഥനയിൽ ഓർക്കുക. എല്ലാ നാശങ്ങളിൽനിന്നും അല്ലാഹു അവരെ രക്ഷിക്കുമാറാകട്ടെ.

രണ്ടാം ഖുത്ബയ്ക്കു മുമ്പേ പറഞ്ഞു: ആത്മാർപ്പണം ചെയ്ത് സേവനം ചെയ്തുവന്ന നമ്മുടെ ഒരഹ്മദി മുഖർറം മലിക് ഖലീലുർറഹ്മാൻ സാഹിബ് ഒക്ടോബർ 5-ന് കഴിഞ്ഞ വെള്ളിയാഴ്ച വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ. പഴയകാലം മുതൽ സേവനം ചെയ്തുവന്ന ജമാഅത്തിന്റെ ഉദ്യോഗസ്ഥന്മാരിൽപെട്ടയാളായിരുന്നു. എം.ടി.എ തുടങ്ങിയ കാലം മുതൽ ഖലീഫത്തുൽ മസീഹ് റാബിഅന്റെ പ്രസംഗവും ഖുത്ബയും ദർസും ഇംഗ്ലീഷിൽ തർജമ ചെയ്തുവന്നത് ഇദ്ദേഹമായിരുന്നു. എന്റെ പ്രഭാഷണങ്ങളും ഖുത്ബകളും തർജമ ചെയ്തുപോന്നു. കഴിഞ്ഞ ജുമുഅ ദിവസവും ഖുത്ബ തർജമ ചെയ്യാൻ തയ്യാറായി വീട്ടിലിരുന്നതാണ്. പക്ഷേ, പെട്ടെന്ന് അദ്ദേഹത്തിന് ഹാർട്ട് അറ്റാക്കുണ്ടായി. ജീവൻ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. ബുദ്ധിമുട്ടുകൾ ആദ്യമേ മനസ്സിലാക്കാനും കഴിഞ്ഞില്ല. മരിച്ചവിവരം വൈകുന്നേരമാണ് അറിഞ്ഞത്. വീട്ടിൽ ഒറ്റയ്ക്കായിരുന്നു. മിക്കപ്പോഴും ഇഅ്തിക്കാഫിന് ഇരിക്കാറുണ്ടായിരുന്നു. ഒരുപാട് ദുആ ചെയ്യുന്നയാളായിരുന്നു. ഇഅ്തിക്കാഫിന് പൊതുവെയാളുകൾ വലിയ കിടക്കകളും മറ്റുമായിട്ടാണ് വരാറുള്ളത്. പക്ഷേ, ഇദ്ദേഹം ഒരു വിരിപ്പ് കൊണ്ടുവരും, അതു വിരിച്ച് പകുതിയിൽ കിടക്കും, പകുതി പുതക്കും. തലയണകളൊന്നും ഉണ്ടായിരുന്നില്ല. പള്ളിയിൽ വന്നിരിക്കുന്നത് ദുആയ്ക്ക് വേണ്ടിയാണെന്ന് പറയുമായിരുന്നു. സ്വലാത്ത് അധികമധികമായി ചൊല്ലാറുണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം ഇഅ്തിക്കാഫ് ഇരുന്നിരുന്ന ഒരു സുഹൃത്താണ് ഇത് പറഞ്ഞത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പദ്യശകലം ‘എ ഖുദാവൻദ് മൻഗുണാ ഹം ബഖ്ശ്’ എപ്പോഴും മൂളിക്കൊണ്ടിരിക്കുമായിരുന്നു.

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ‘നഫ്സ് മുത്മഇന്നാ’ എന്ന വിഷയത്തെക്കുറിച്ച് ഒരു ഖുത്ബ കൊടുത്തിരുന്നു. അന്നുമുതൽ തനിക്ക് ആ നഫ്സെ മുത്മഇന്ന കിട്ടാൻ ഭാഗ്യമുണ്ടാകേണമേ എന്ന് ദുആ ചെയ്യാറുണ്ടായിരുന്നു. തർജമയ്ക്ക് പുറമെ ആരംഭകാലത്ത് അദ്ദേഹം ഖായിദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുമായിരുന്നു. കൂടാതെ, നാഷണൽ സെക്രട്ടറി സമീഅ് ബസ്‌രി, സെക്രട്ടറി തഅ്‌ലിം തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം പ്രസ്സ് സെക്രട്ടറി എന്ന ജോലി ഞാനദ്ദേഹത്തെ ഏല്പിച്ചിരുന്നു. വളരെ നല്ലനിലയിൽ അദ്ദേഹം തന്റെ ജോലി ചെയ്തു. അദ്ദേഹത്തോടൊപ്പം ജോലിചെയ്തിരുന്ന ഒരു യുവാവ് എനിക്കെഴുതി: ‘എനിക്ക് പരിചയമില്ലാതിരുന്നിട്ടും ഞാൻ എന്തെങ്കിലും പറഞ്ഞാൽ അത് വളരെ വിനയത്തോടെ അദ്ദേഹം കേൾക്കുമായിരുന്നു. നീ ആരാണെന്ന് ചോദിക്കുമായിരുന്നില്ല. ഞാൻ പറഞ്ഞ കാര്യങ്ങൾ നല്ലതെന്നു കണ്ടാൽ സ്വീകരിക്കുകയും ഇല്ലെങ്കിൽ അതിന്റെ ദോഷവശങ്ങൾ പറഞ്ഞ് മനസ്സിലാക്കിത്തരികയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെമേൽ കാരുണ്യം ചൊരിയുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ കുട്ടികൾക്കും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരാൻ ഭാഗ്യം നല്കുമാറാകട്ടെ. എല്ലാവർക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.


| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 12.10.2007 at Baithul Futuh, London. | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |
|---|---|